[

**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക ജി. IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് -സ്ത്രീകൾക്കുള്ള ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി - 2022-2023 വർഷം നടപ്പാക്കുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: സ.ഉ.(സാധാ)നം. 210/2022/വ.ശി.വ.നമ്പർ തീയതി:18.05.2022

**<u>ഉത്തരവ് നം.DWCD/1079/2022-WEC4, തീയതി: 02/06/2022</u>**

സമൂഹത്തിൽ വിവിധ തരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് കൗൺസലിംഗ്, നിയമ സഹായം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്നതിന് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിനായി ഒരു കൺസൾട്ടേഷന് 250/- രൂപ ഹോണറെറിയം വീതം 10,000/- കൺസൾട്ടേഷൻ നടത്തുന്നതിന് ആകെ 25,00,000/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ കാതോർത്ത് പദ്ധതി 2022-23 വർഷം നടപ്പാക്കുന്നതിന് ആദ്യ ഗഡുവായി ഒരു ജില്ലയ്ക്ക് 25,000/-രൂപ വീതം 14 ജില്ലകൾക്കുമായി ആകെ 3,50,000/-രൂപ (മൂന്നു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ഇതോടൊപ്പമുള്ള പട്ടിക പ്രകാരം എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും അനുവദിച്ച് ഉത്തരവാകുന്നു.

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് UC സഹിതം അടുത്ത ഗഡു തുക ലഭിക്കുന്നതിനായി അഭ്യർത്ഥിക്കേണ്ടതാണ്. കൂടാതെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ എല്ലാ മാസവും 5 -ാം തീയതിയ്ക്കകം കാതോർത്ത് പദ്ധതി നടപ്പാക്കൽ പുരോഗതി വിവരം mskstatecell@gmail.com എന്ന ഇമെയിൽ മുഖേന സമർപ്പിക്കേണ്ടതാണ് .

ടി ആവശ്യത്തിനുള്ള തുക നടപ്പ് സാമ്പത്തിക വർഷം 2235-02-103-68(03)-P

ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)
**വനിതാ ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും.

1.സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിന്)

പകർപ്പ്

2. സ്റ്റോക്ക് ഫയൽ / സ്പെയർ

Signature valid

Digitally signed by ...anka G
Date: 2022.06.02 ...59:37 IST
Reason: ...

"ഭരണഭാഷ-മാതൃഭാഷ"

**കാതോർത്ത് പദ്ധതി 2022-23 വർഷം നടപ്പാക്കുന്നതിന് ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിക്കുന്ന തുക സംബന്ധിച്ച വിവരം.**

| ക്രമ നം | ജില്ല | അനുവദിക്കുന്ന തുക. |
|---|---|---|
| 1 | തിരുവനന്തപുരം | 25000 |
| 2 | കൊല്ലം | 25000 |
| 3 | പത്തനംതിട്ട | 25000 |
| 4 | ആലപ്പുഴ | 25000 |
| 5 | കോട്ടയം | 25000 |
| 6 | ഇടുക്കി | 25000 |
| 7 | എറണാകുളം | 25000 |
| 8 | തൃശ്ശൂർ | 25000 |
| 9 | പാലക്കാട് | 25000 |
| 10 | മലപ്പുറം | 25000 |
| 11 | വയനാട് | 25000 |
| 12 | കോഴിക്കോട് | 25000 |
| 13 | കണ്ണൂർ | 25000 |
| 14 | കാസർഗോഡ്. | 25000 |
| | ആകെ | **3,50,000/-** |

02/06/2022

Signature valid

Digitally signed by Priyanka G
Date: 2022.06.02 11:59:14 IST
Reason: Approved